121 (2307) അരുവിക്കുഴി വെള്ളച്ചാട്ടം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ അരുവിക്കുഴി വെള്ളച്ചാട്ടം ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് പത്തനംതിട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്തെങ്കിലും പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഈ വെള്ളച്ചാട്ടം ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) ഇത് സംബന്ധിച്ച് പത്തനംതിട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ 20 ലക്ഷം രൂപ മതിപ്പു ചെലവുള്ള ഒരു പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

122 (2308) പെരിയാർ തീരത്ത് ടൂറിസം വികസന പദ്ധതികൾ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം കമ്മീഷൻ ചെയ്തതോടുകൂടി ടൂറിസം വികസനത്തിനുള്ള വർദ്ധിച്ച സാദ്ധ്യതകൾ കണക്കിലെടുത്ത് എന്തെങ്കിലും പദ്ധതി ഈ മേഖലയിൽ ഗവൺമെന്റ് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ആലുവായിൽ പെരിയാറിന്റെ തീരത്ത് ആധുനികസൗകര്യങ്ങളോടുകൂടിയ ഹോട്ടലുകളും മറ്റും നിർമ്മിക്കുന്നതിനുള്ള പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പെരിയാർ നദിയിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തി ടൂറിസ്റ്റുകളെ ആകർഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഒരു 4-സ്റ്റാർ ഹോട്ടൽ പദ്ധതി നടപ്പിലാക്കുവാൻ കെ.ടി.ഡി.സി.യ്ക്ക് പരിപാടിയുണ്ട്. കാലടിയിൽ ഒരു ടൂറിസ്റ്റ് ലോഡ്ജും, ആലുവയിൽ ഒരു വഴിയോര വിശ്രമകേന്ദ്രവും നിർമ്മിക്കുന്നതിന് ടൂറിസം വകുപ്പിന് പരിപാടിയുണ്ട്.

(ബി) ഇപ്പോൾ ഇല്ല.

(സി) പെരിയാർ നദിയിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആലുവാ പാലസിനോട് ചേർന്ന് ഒരു ബോട്ട് ജട്ടിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly